13341
15/12/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്കും രോഗികളായ മറ്റുള്ളവർക്കുമുള്ള പ്രതിമാസ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ)നം.99/2014/സാനീവ തീയതി, തിരുവനന്തപുരം 27.11.2014.

=====================================================================================

പരാമർശം : 1. സ.ഉ.(എം.എസ്)നം. 89/2010/സാക്ഷേവ തീയതി 06.12.2010.

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.06.2014 ലെ 1494/പി2/13/കെ.എസ്.എസ്.എം (3) നമ്പർ കത്ത്.

3. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.07.2014 ന് ചേർന്ന യോഗ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്ത്, കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരായി തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്ക് ധനസഹായമായി പ്രതിമാസം 2000/- രൂപ വീതവും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചു വരുന്നു. 28.01.2014 ന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകി വരുന്ന 2000/-,1000/- രൂപ ക്രമത്തിലുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളത് പരിഗണിച്ച് പ്രതിമാസ ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അഭ്യർത്ഥിച്ചിരുന്നു. സൂചന (3) പ്രകാരം ചേർന്ന യോഗത്തിൽ ധനസഹായം 200 രൂപ വർദ്ധിപ്പിച്ചു നൽകാൻ തീരുമാനിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്ന വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 2000/- രൂപയിൽ നിന്നും 2200/- രൂപയായും എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1000/- രൂപയിൽ നിന്ന് 1200/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത വർദ്ധനവിന് 01.04.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

സാമൂഹ്യനീതി വകുപ്പ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

കൃഷി വകുപ്പ്

ധനകാര്യ വകുപ്പ് (06.11.2014 ലെ U.O. No. 55304/WW2/14/ധന പ്രകാരം)

ജില്ലാ കളക്ടർ, കാസർഗോഡ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ